സ്വാമി ശരണം

# തിരുവിതാംകൂർ ദേവസ്വം ബോർഡ്

## എസ്റ്റേറ്റ് വകുപ്പ്

### എക്സിക്യൂട്ടീവ് എഞ്ചിനീയർ & അഡ്മിനിസ്ട്രേറ്റീവ് ആഫീസർ, ബസ്സ് ഓപ്പറേഷൻസ്

## വാഹന പുനർ ലേലപരസ്യം

തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ ഉടമസ്ഥതയിലുള്ള KL01 AD 5759 അശോക് ലൈലാന്റ് ബസ്സ് (മോഡൽ 2003), KL01 AG 1993 ഫോർഡ് ഐക്കോൺ (2005 മോഡൽ) കാറും ലേലവ്യവസ്ഥകൾക്ക് വിധേയമായി ഇപ്പോഴത്തെ അവസ്ഥയിൽ ദേവസ്വം ബോർഡിലെ സുമംഗലി കല്യാണമണ്ഡപത്തിൽ വച്ച് **19.07.2017 പകൽ 11.30–ന്** പരസ്യമായി ലേലം ചെയ്ത് വിൽക്കുന്നതാണ്. ലേലനിബന്ധനകളും വ്യവസ്ഥകളും ദേവസ്വം ബോർഡിലെ ബസ് അഡ്മിനിസ്ട്രേറ്റീവ് ആഫീസിൽ നിന്നും പ്രവർത്തി ദിവസങ്ങളിൽ അറിയാവുന്നതാണ്. ലേലത്തിൽ വച്ചിരിക്കുന്ന വാഹനം ചുമതലപ്പെട്ട ആഫീസറുടെ മുൻകൂട്ടിയുള്ള അനുവാദത്തോടുകൂടി പരിശോധിക്കാവുന്നതാണ്. ഫോൺ:0471-2311810.

**ലേല നിബന്ധനകൾ**

1. ലേലത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ ലേലത്തിനു മുമ്പായി KL01 AD 5759 അശോക് ലൈലാന്റ് ബസ്സിന് 10,000/- (പതിനായിരം) രൂപയും, KL01 AG 1993 ഫോർഡ് ഐക്കോൺ കാറിന് 5000/- (അയ്യായിരം) രൂപയും നിരതദ്രവ്യം കെട്ടിവയ്ക്കേണ്ടതും, ലേലം കഴിഞ്ഞതിനു ശേഷം നിരതദ്രവ്യം മടക്കിക്കൊടുക്കുന്നതുമാണ്. ലേലത്തിനു പങ്കെടുക്കുന്നവർ/ടെൻഡർ നൽകുന്നവർ നിർബന്ധമായും തിരിച്ചറിയൽ രേഖ കൈവശം വച്ചിരിക്കുകയോ, ടെൻഡറിനോടൊപ്പം സമർപ്പിക്കുകയോ ചെയ്യേണ്ടതാണ്.

2. ലേലം വിളി ആരംഭിക്കുന്നതിനു മുമ്പ് ക്വട്ടേഷൻ സ്വീകരിക്കുന്നതാണ്. ക്വട്ടേഷനോടൊപ്പം 5000/- അല്ലെങ്കിൽ 10,000/- രൂപയ്ക്ക് മൂന്നുമാസം വരെ കാലാവധിയുള്ള അഡ്മിനിസ്ട്രേറ്റീവ് ആഫീസർ, ബസ്സ് ഓപ്പറേഷൻ, തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ പേരിൽ തിരുവനന്തപുരം ധനലക്ഷ്മി ബാങ്കിൽ മാറാവുന്ന ബാങ്ക് ഡ്രാഫ്റ്റ് അടക്കം ചെയ്തിരിക്കേണ്ടതാണ്. ലേലം ആരംഭിച്ചതിനു ശേഷം ക്വട്ടേഷൻ സ്വീകരിക്കുന്നതല്ല.

3. ഏറ്റവും കൂടുതൽ തുകയ്ക്ക് ലേലം വിളിക്കുന്ന/ക്വട്ടേഷൻ നൽകുന്നയാളുടെ പേരിൽ ലേലം താൽക്കാലികമായി ഉറപ്പിച്ചു നൽകുന്നതാണ്. ഒന്നിൽ കൂടുതൽ ആളുകൾ ഒരേ സംഖ്യ നൽകുകയോ അല്ലെങ്കിൽ ടെൻഡർ തുകയും ലേലതുകയും ഒരുപോലെ വരികയോ ചെയ്താൽ നറുക്കെടുപ്പിലൂടെയായിരിക്കും ലേലം ഉറപ്പിക്കുന്നത്.

4. ലേലംകൊണ്ട വ്യക്തി ലേലതുകയുടെ 50% അപ്പോൾതന്നെ കെട്ടിവയ്ക്കേണ്ടതാണ്. ക്വട്ടേഷൻ നൽകുന്ന വ്യക്തി അർഹനായാൽ ക്വട്ടേഷൻ തുകയുടെ 50% തുക അപ്പോൾ തന്നെ കെട്ടിവയ്ക്കുകയോ ടി 50% തുകയ്ക്കുള്ള അഡ്മിനിസ്ട്രേറ്റീവ് ആഫീസറുടെ പേരിൽ മാറാവുന്ന ഡി.ഡി മുൻകൂട്ടി ക്വട്ടേഷനോടൊപ്പം ഉൾപ്പെടുത്തുകയോ ചെയ്യേണ്ടതാണ്.

5. ലേലംകൊണ്ട കരാറുകാരൻ ലേലം സ്ഥിരപ്പെടുത്തുന്ന മുറയ്ക്ക് വാഹനം കിടക്കുന്ന ആഫീസുമായി ബന്ധപ്പെട്ട് വാഹനം സ്വന്തം ചെലവിൽ നീക്കം ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. ഇതിനു വീഴ്ചവരുത്തുന്നപക്ഷം ലേലവ്യവസ്ഥ ഒന്നും നാലും പ്രകാരം കെട്ടിവച്ച തുക ദേവസ്വം ബോർഡിലേക്ക് മുതൽകൂട്ടുന്നതാണ്.

6. പ്രത്യേക കാരണം ഒന്നും കൂടാതെ ലേലം മാറ്റിവയ്ക്കുന്നതിനോ, റദ്ദുചെയ്യുന്നതിനോ, ലേലം സ്ഥിരപ്പെടുത്താതിരിക്കുന്നതിനോ ലേലം നടത്തുന്ന ഉദ്യോഗസ്ഥന് അധികാരം ഉണ്ടായിരിക്കുന്നതാണ്.

7. എല്ലാ ലേലവിൽപ്പനയും ദേവസ്വം ബോർഡിന്റെ അംഗീകാരത്തിനും തീരുമാനത്തിനും വിധേയമായിരിക്കും.

8. ലേലം/ക്വട്ടേഷൻ സ്വീകരിച്ചുകൊണ്ട് ദേവസ്വം ബോർഡിന്റെ ഉത്തരവു ലഭിച്ചശേഷം 7 ദിവസത്തിനകം ബാക്കി ലേലതുകയും മുഴുവൻ ലേലതുകയുടെ നിലവിലുള്ള (വാറ്റ്) നികുതിയും കെട്ടിവച്ച് വാഹനം സ്വന്തം ചെലവിൽ നീക്കം ചെയ്യേണ്ടതാണ്. ഇക്കാര്യത്തിൽ വീഴ്ചവരുത്തിയാൽ കെട്ടിവച്ച തുക മുഴുവൻ ദേവസ്വം ബോർഡിലേക്ക് കണ്ടുകെട്ടുന്നതും വാഹനം പുനർലേലം ചെയ്യുന്നതുമാണ്.

9. തിരുവിതാംകൂർ ദേവസ്വം ബോർഡിൽ നിലവിലുള്ള എല്ലാ വ്യവസ്ഥമളും ഈ ലേലത്തിനും ബാധകമാണ്.

10. ലേലദിവസം പൊതു അവധി ദിവസമായി പ്രഖ്യാപിച്ചാൽ ലേലം അടുത്ത പ്രവർത്തി ദിവസം അതേസമയം നടത്തുന്നതായിരിക്കും.

11. കൂടുതൽ വിവരങ്ങൾക്ക് ബസ്സ് അഡ്മിനിസ്ട്രേറ്റീവ് ആഫീസറുമായോ www.travancoredevaswomboard.org എന്ന വെബ്സൈറ്റിലോ ബന്ധപ്പെടാവുന്നതാണ്.

തിരുവിതാംകൂർ ദേവസ്വം ബോർഡിനു വേണ്ടി,

Sd/-

**എക്സിക്യൂട്ടീവ് എഞ്ചിനീയർ,**
എസ്റ്റേറ്റ് വകുപ്പ്, തിരുവനന്തപുരം,
ഫോൺ: 0471 2311810

തിരുവനന്തപുരം

13-7-2017